2026
JANUARY
03
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






## വന്ദേഭാരത് സ്ലീപ്പർ തയാർ, ആദ്യം ഓടുക ഗുവാഹത്തി കൊൽക്കത്ത റൂട്ടിൽ

**ന്യൂഡൽഹി :** ഇന്ത്യൻ റെയിൽവേയുടെ പുതിയ ട്രെയിനായ വന്ദേ ഭാരത് സ്ലീപ്പറിന്റെ ആദ്യ റൂട്ട് പ്രഖ്യാപിച്ചു. ഗുവാഹത്തി കൊൽക്കത്ത റൂട്ടിലാണ് രാജ്യത്തെ ആദ്യത്തെ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ ഓടുകയെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പ്രഖ്യാപിച്ചത്. സർവീസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ളാഗ് ഓഫ് ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാൽ എന്നുമുതലാണ് സർവീസ് ആരംഭിക്കുക എന്നത് വ്യക്തമാക്കിയിട്ടില്ല.

വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ പരീക്ഷണ ഓട്ടമടക്കമുള്ള എല്ലാ പരിശോധനകളും വിജയകരമായി പൂർത്തീകരിച്ചതായും മന്ത്രി പറഞ്ഞു. ലോകോത്തര സൗകര്യങ്ങളും സുരക്ഷയും പ്രദാനം ചെയ്യുന്ന യാത്രാനുഭവമാവും വന്ദേ ഭാരത് സ്ലീപ്പറിന്റേതെന്ന് മന്ത്രി പറഞ്ഞു. രാജ്യത്തു തദ്ദേശീയമായി നിർമിച്ച വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ അതിവേഗ പരീക്ഷണത്തിന്റെ വിഡിയോ ദൃശ്യങ്ങൾ അടുത്തിടെ പുറത്തുവന്നിരുന്നു. മണിക്കൂറിൽ 180 കിലോമീറ്റർ വേഗത കൈവരിക്കുന്ന വിഡിയോയാണ് സമൂഹമാധ്യമങ്ങളിലടക്കം വന്നത്.

16 കോച്ചുകളാണ് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിലുള്ളത്. 11 ത്രീ ടയർ എസി കോച്ചുകൾ, 4 ടുടയർ എസി കോച്ചുകൾ, 1 ഫസ്റ്റ് എസി കോച്ചുള്ള ട്രെയിനിൽ ആകെ 823 യാത്രക്കാർക്കു സഞ്ചരിക്കാനാകും. യാത്രക്കാരുടെ സുരക്ഷയ്ക്കായി കൂട്ടിയിടി ഒഴിവാക്കുന്ന 'കവച്' സംവിധാനവും വന്ദേ ഭാരത് സ്ലീപ്പറിൽ ഘടിപ്പിച്ചിട്ടുണ്ട്.

## ലേബർ കോഡ് കരട് ചട്ടം; രാത്രി ഷിഫ്റ്റിൽ സ്ത്രീകൾക്കും ജോലി ചെയ്യാം, ജോലി സമയം ആഴ്ചയിൽ 48 മണിക്കൂർ

**ന്യൂഡൽഹി :** പുതിയ ലേബർ കോഡ് കരട് ചട്ടങ്ങളിലെ വ്യവസ്ഥകൾ പുറത്തുവന്നു. തൊഴിലാളികളുടെ ജോലി സമയം ആഴ്ചയിൽ 48 മണിക്കൂർ എന്ന് നിജപ്പെടുത്തണമെന്നും, സ്ത്രീകൾക്ക് രാത്രി ഷിഫ്റ്റിൽ ജോലി അനുവദിക്കാമെന്നുമുള്ള വിവരങ്ങളാണ് പുറത്തുവന്നിരിക്കുന്നത്. സ്ത്രീകൾ രാത്രി സമയം ഷിഫ്റ്റിൽ ജോലി അനുവദിക്കാം. രാത്രി 7 നും പുലർച്ചെ ആറിനുമിടയിലാണ് സമയം.

രാത്രി ഷിഫ്റ്റിൽ ജോലിയെടുക്കാൻ താൽപ്പര്യമുള്ള സ്ത്രീകളിൽ നിന്ന് സമ്മതപത്രം തൊഴിലുടമകൾ രേഖാമൂലം വാങ്ങിയിരിക്കണം. 16 വയസിന് മുകളിലുള്ള അസംഘടിത തൊഴിലാളികൾക്ക് ആധാർ ബന്ധിത രജിസ്ട്രേഷൻ നിർബന്ധിതമാക്കി. രാജ്യത്തിനുടനീളം പ്രവർത്തിക്കുന്ന കരാറുകാർക്ക് ഒറ്റ ലൈസൻസ് അനുവദിക്കുന്നതിനായി ഇലക്ട്രോണിക് അപേക്ഷ സമർപ്പിക്കാം. നിശ്ചിത കാലയളിലേക്ക് നിയമിതരാകുന്ന ജീവനക്കാർക്ക് ഒരു വർഷം തുടർച്ചയായി പ്രവർത്തിച്ചു കഴിഞ്ഞാൽ ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടായിരിക്കുമെന്നും കരട് ചട്ടത്തിലുണ്ട്.

# ചൈനാ സ്റ്റീലിന് മൂന്നു വർഷത്തേക്ക് തീരുവ ഏർപ്പെടുത്തി ഇന്ത്യ

**ന്യൂഡൽഹി :** നിലവാരം കുറഞ്ഞ സ്റ്റീൽ ഉത്പന്നങ്ങളുടെ ഇറക്കുമതി കുറയ്ക്കാനായി സ്റ്റീൽ ഉത്പന്നങ്ങൾക്ക് തീരുവ ഏർപ്പെടുത്തി കേന്ദ്ര സർക്കാർ. അടുത്ത മൂന്നു വർഷത്തേക്കാണ് തീരുവ ഏർപ്പെടുത്തിയത്. സുരക്ഷ തീരുവ എന്നറിയപ്പെടുന്ന ലെവി ആദ്യ വർഷം 12 ശതമാനം, രണ്ടാം വർഷം 11.5, മൂന്നാം വർഷം 11 എന്നീ നിരക്കിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

ചൈനയിൽ നിന്നാണ് പ്രധാനമായും നിലവാരം കുറഞ്ഞ സ്റ്റീൽ ഉത്പന്നങ്ങൾ രാജ്യത്തേക്കു വരുന്നത്. ചൈന, നേപ്പാൾ, വിയറ്റ്നാം എന്നീ രാജ്യങ്ങൾക്കു ലെവി ബാധകമായിരിക്കും. എന്നാൽ, സ്റ്റെയിൻലെസ് സ്റ്റീൽ ഉത്പന്നങ്ങൾക്ക് ഈ തീരുവ ബാധകമല്ലെന്നും സർക്കാർ ഉത്തരവിൽ പറയുന്നു.

നിലവാരമില്ലാത്തതും കുറഞ്ഞ വിലയുള്ള ഉത്പന്നങ്ങളും ആഭ്യന്തര ഉരുക്കു വ്യവസായത്തിന് ഭീഷണിയാകുന്ന പശ്ചാത്തലത്തിലാണ് കേന്ദ്ര



വാണിജ്യ മന്ത്രാലയത്തിന്റെ ഇടപെടൽ. 200 ദിവസത്തേക്ക് 12 ശതമാനം താത്കാലിക തീരുവ ഏപ്രിലിൽ സർക്കാർ ഏർപ്പെടുത്തിയിരുന്നു.

ഇറക്കുമതി അനിയന്ത്രിതമായി പെരുകിയതോടെയാണ് ഡയറക്ടറേറ്റ് ജനറൽ ഓഫ് റെമഡീസ് തീരുവ മൂന്നു വർഷത്തേക്കു നീട്ടിയത്.

ലോകത്തിലെ ഏറ്റവും വലിയ ഉരുക്കുനിർമാതാക്കളാണ് ചൈന.

2024ൽ കഴിഞ്ഞ എട്ടു വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന ഉരുക്കുകയറ്റുമതിയാണ് ചൈന നടത്തിയത്. 100 മില്യൺ ടൺ സ്റ്റീൽ കയറ്റുമതിയാണ് 2024ൽ ചൈന നടത്തിയത്.

# റബർ വിലസ്ഥിരതാ പദ്ധതി: ഓൺലൈൻ പോർട്ടൽ തുറന്നു

**കോട്ടയം:** റബർ വിലസ്ഥിരതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനും പുതുക്കാനുമുള്ള റബർ ബോർഡിന്റെ ഓൺലൈൻ പോർട്ടൽ തുറന്നു. വില 200 രൂപയായി സർക്കാർ പ്രഖ്യാപനം നടത്തിയെങ്കിലും ആശ്വാസ പദ്ധതിയിൽ രജിസ്ട്രേഷനുള്ള പോർട്ടൽ തുറക്കാത്തതിനാൽ കർഷകർക്ക് നേട്ടമില്ല. 2025 നവംബർ ഒന്നു മുതൽ വില നേട്ടം കർഷകർക്ക് ലഭിക്കും വിധം ആർപിഎസുകൾ മുഖേന ബില്ലുകൾ അപ് ലോഡ് ചെയ്യാം.

നിലവിൽ 185 രൂപയാണ് ആർഎസ്എസ് നാലിന് റബർ ബോർഡ് പ്രഖ്യാപിത വില. ഡീലർമാർ നൽകുന്നത് 181 രൂപ. ഈ നിലയിൽ ഓരോ കിലോ റബറിനും 19 രൂപ സബ്സിഡി ലഭിക്കും. ലാറ്റക്സ് വിൽക്കുന്ന കർഷകർക്ക് പദ്ധതിയിൽ നാമമാത്രമായ നേട്ടമേ ലഭിക്കുന്നുള്ളു.

റബർ വിലസ്ഥിരതാ പദ്ധതി രജിസ്ട്രേഷനുള്ള വെബ് സൈറ്റ് വീണ്ടും തുറന്നെങ്കിലും നേട്ടം വളരെ ചെറിയൊരു ഭാഗം കർഷകർക്കു മാത്രം. കേരളത്തിലെ കർഷകരിൽ 30 ശതമാനം മാത്രമാണ് ഷീറ്റ് തയാറാക്കുന്നത്. 55 ശതമാനം കർഷകരും ലാറ്റക്സായി റബർ വിൽക്കുകയാണ്. 15 ശതമാനം കർഷകർ കപ്പ് ലംബായി റബർ വിൽക്കുന്നു. ലാറ്റക്സ് വിൽക്കുന്നവർക്ക് വിലസ്ഥിരതാ പദ്ധതിയിൽനിന്ന് കാര്യമായ സാമ്പത്തിക നേട്ടമില്ല.

ലാറ്റക്സ് മാർക്കറ്റു വിലയും താങ്ങുവിലയായ 200 രൂപയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി നൽകിയാൽ അത് നേട്ടമാണ്. താങ്ങുവിലയിൽനിന്ന് റബർ ബോർഡ് പ്രഖ്യാപിക്കുന്ന വിലയോ ആർസ്എസ് നാലിൻറെ വിലയോ ഏതാണ് കൂടുതൽ അതിൻറെ വ്യത്യാസം കണ്ടെത്തി വീണ്ടും 10 രൂപ കുറച്ചു കിട്ടുന്ന തുകയാണ് കർഷകർക്ക് കൊടുക്കുക.

നിലവിൽ ലാറ്റക്സ് കിലോയ്ക്ക് പരമാവധി 10 രൂപ മാത്രമാണ് ഇത്തരത്തിൽ നേട്ടം. ഷീറ്റ് തയാറാക്കി ഉണക്കിയെടുക്കുന്നത് ക്ലേശകരമായതോടെയാണ് ഏറെ കർഷകരും ലാറ്റക്സും കപ്പ് ലംബുമായി റബർ വിൽപന തുടങ്ങിയത്.




# കേരളത്തിൽ വരുമാനത്തിന്റെ 24.18 ശതമാനവും ശമ്പളം നൽകാൻ മാത്രം

**ന്യൂഡൽഹി :** 2023-24ൽ കേരളമടക്കം 13 സംസ്ഥാനങ്ങളിലെ കടബാധ്യതാ അനുപാതം അനുവദനീയ പരിധിക്കും മുകളിലായിരുന്നുവെന്ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) പഠന റിപ്പോർട്ട്. എന്നാൽ ഈ 13 സംസ്ഥാനങ്ങളിൽ താരതമ്യേന മെച്ചപ്പെട്ട നിലയിലാണ് കേരളം. 13 സംസ്ഥാനങ്ങളിൽ പത്താമതാണ് കേരളം.

2023-24 സാമ്പത്തികവർഷത്തെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളുടെ ധനസ്ഥിതിയുമായി ബന്ധപ്പെട്ട് ഇന്നലെ പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് ഇക്കാര്യം പരാമർശിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ വ്യവസ്ഥയനുസരിച്ച് 2023-24ൽ സംസ്ഥാനങ്ങൾ അവരുടെ കടബാധ്യത സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ (ജിഎസ്ഡിപി) 33.1 ശതമാനത്തിനു താഴെ നിർത്തണം. എന്നാൽ കേരളത്തിലിത് 36.57 ശതമാനമായിരുന്നുവെന്ന് റിപ്പോർട്ട് പറയുന്നു. ഏറ്റവും ഉയർന്ന അനുപാതം അരുണാചൽ പ്രദേശിലാണ്, 50.85%. ഏറ്റവും കുറവ് ഒഡീഷയിലും, 16.66%. ഈ അനുപാതം കൂടുന്നതിനുസരിച്ചു സംസ്ഥാനങ്ങളുടെ തിരിച്ചടവ് ബാധ്യത കൂടുകയും ക്ഷേമപ്രവർത്തനങ്ങൾക്കു തുക കണ്ടെത്തുന്നതിന് പ്രയാസമുണ്ടാകുകയും ചെയ്യും.

# ഇന്നത്തെ പരിപാടികൾ

## കൊച്ചി മുസിരിസ് ബിനാലെ ഫോർട്ട് കൊച്ചി

**ബാസ്റ്റിൻ ബംഗ്ലാവ്, എബിസി ആർട്ട് റൂം :** കഹാനി പാനി കി ദ പൊളിറ്റിക്സ് ഓഫ് തേസ്റ്റ്: കഥപറയൽ ശിൽപ്പശാല രാവലെ10 മുതൽ, തമിഴ് എഴുത്തുകാരുമായുള്ള സംവാദം രാവിലെ 11 മുതൽ, സംഗീത പരിപാടിയും പ്രഭാഷണവും രാത്രി ഏഴു മുതൽ

**ഫോർട്ട് കൊച്ചി വാട്ടർ മെട്രോ, എബിസി ആർട്ട് റൂം**-പിഗ്മെന്റ് ആന്റ് ടൂൾ മേക്കിംഗ് ശിൽപ്പശാല രാവിലെ 10 മുതൽ

## എറണാകുളം

**പാവക്കുളം ശ്രീമഹാദേവ ക്ഷേത്രം :** ആറാട്ടുബലി, കൊടിയിറക്കൽ, തിരുആറാട്ട്, എഴുന്നള്ളത്ത് – രാത്രി 9 മണി മുതൽ.

**കാക്കനാട് കേരള ബാങ്ക് ഓഡിറ്റോറിയം :** അഖിലേന്ത്യാ സഹകരണ വാരാഘോഷം ജില്ലാ – ഉദ്ഘാടനം മന്ത്രി പി. രാജീവ് – രാവിലെ 10 മണി.

## തിരുവൈരാണിക്കുളം

**തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രം :** ശ്രീ പാർവതിദേവിയുടെ നടതുറപ്പ് മഹോത്സവം –ദർശനം പുലർച്ചെ 4 മണി മുതൽ.

## കൂനമ്മാവ്

**കൂനമ്മാവ് സെന്റ് ഫിലോമിനാസ് ചാവറ തീർത്ഥാടന കേന്ദ്രം :** വിശുദ്ധ ചാവറ കുര്യാക്കോസച്ചാന്റെ തിരുന്നാൾ – രാവിലെ 6 മണി മുതൽ.

## ഉദയംപേരൂർ

**ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം :** കൈകൊട്ടിക്കളി, തൃശൂർ സദ്ഗമയുടെ നാടകം സൈറൺ – രാത്രി 7.30 മുതൽ

## തൃപ്പൂണിത്തുറ

**എരൂർ കോടംകുളങ്ങര സെന്റ് ജോസഫ് കപ്പേള :** എസ്തഫാനോസിന്റേയും സെബസ്ത്യാനോസിന്റേയും തിരുനാൾ – വൈകീട്ട് 6ന്.

## പെരുമ്പാവൂർ

ഐമുറി തിരുഹൃദയ ദേവാലയം : തിരുന്നാൾ – രാവിലെ 6.30 ന്.

# നവകേരളം സിറ്റിസൺ റെസ്പോൺസ് പരിപാടിക്ക് ജില്ലയിൽ തുടക്കം

**കൊച്ചി:** നവകേരള സൃഷ്ടിക്കായി നടപ്പിലാക്കിയിട്ടുള്ള വിവിധ വികസന, സാമൂഹിക ക്ഷേമ പദ്ധതികൾ ജനങ്ങളുടെ ജീവിതത്തിൽ സൃഷ്ടിച്ചിട്ടുള്ള മാറ്റങ്ങളും, അവ സംബന്ധിച്ചുള്ള ജനങ്ങളുടെ അനുഭവങ്ങളും, പുതിയ നിർദേശങ്ങളും നേരിട്ട് ശേഖരിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന നവകേരള വികസന ക്ഷേമ പഠനപരിപാടി (നവകേരളം സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം)ക്ക് ജില്ലയിൽ തുടക്കം. കോതമംഗലം ബിഷപ്പ് ഹൗസിൽ രൂപതാ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിലിൽ നിന്ന് അഭിപ്രായ ശേഖരണം നടത്തിക്കൊണ്ട് ആന്റണി ജോൺ എം.എൽ.എ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു. കോതമംഗലം ബിഷപ്പ് ഹൗസിൽ നടന്ന ചടങ്ങിൽ കോതമംഗലം നഗരസഭ ചെയർപേഴ്സൺ ഭാനുമതി രാജു അധ്യക്ഷയായി.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ.ബി ബിജു, വാർഡ് കൗൺസിലർ അഡ്വ. ഷിബു കുര്യാക്കോസ്, സിറ്റിസൺസ് റസ്പോൺസ് പ്രോഗ്രാം ജില്ലാ സമിതി അംഗം ജുബൈരിയ ഐസക്, രൂപത വികാരി ജനറലും മാനേജർ ഓഫ് കോളേജുമായ ഫാ. പയസ് മലേക്കണ്ടത്തിൽ, രൂപത എജുക്കേഷൻ സെക്രട്ടറിഫാ. ഷാജി മാത്യു മുണ്ടയ്ക്കൽ, സിറ്റിസൺസ് റെസ്പോൺസ് മണ്ഡലം ചാർജ് ഓഫീസർ ഡി.ഉല്ലാസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും നിർദേശങ്ങളും ശേഖരിച്ച് നാടിന്റെ ഭാവി നയനിർമ്മാണത്തിന് ശാസ്ത്രീയ അടിത്തറ സൃഷ്ടിക്കുക എന്നതാണ് ഈ പഠന പരിപാടിയുടെ പ്രധാന ലക്ഷ്യം. 2026 ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെയാണ് സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം സംസ്ഥാനത്ത് നടപ്പാക്കുന്നത്. 18 വയസ്സിന് മുകളിലുള്ള എല്ലാ കേരളീയർക്കും പദ്ധതിയുടെ ഭാഗമാകാൻ കഴിയും. തിരഞ്ഞെടുക്കപ്പെട്ട വളണ്ടിയർമാർ നേരിട്ട് വീടുകളിൽ എത്തിയാണ് അഭിപ്രായശേഖരണം നടത്തുന്നത്.



# പുതുവർഷത്തിൽ വൈബ് 4 വെൽനസിൽ പങ്കാളികളായി 10 ലക്ഷത്തോളം പേർ

**തിരുവനന്തപുരം:** ആരോഗ്യം ആനന്ദം വൈബ് 4 വെൽനസ്സ് എന്ന പേരിൽ ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച ജനകീയ ക്യാമ്പയിനിൽ സംസ്ഥാനമാകെ പുതുവർഷത്തിൽ മാത്രം പങ്കെടുത്തത് 10 ലക്ഷത്തോളം പേർ. ആരോഗ്യ വകുപ്പ്, ആയുഷ് വകുപ്പ്, വനിത ശിശു വികസന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു.

വൈബ് 4 വെൽനസിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. രാവിലെ മുതൽ നിരവധി പരിപാടികളാണ് സെൻട്രൽ സ്റ്റേഡിയത്തിൽ നടന്നത്. രാവിലെ തന്നെ മന്ത്രി വീണാ ജോർജ് സെൻട്രൽ സ്റ്റേഡിയത്തിലെത്തി വ്യായാമത്തിനായി എത്തിയവരോട് ഒപ്പം ചേർന്നു. സൂംബ ടീമിനോടൊപ്പം മന്ത്രി നൃത്തം ചെയ്യുകയും ചെയ്തു. ആരോഗ്യവകുപ്പ് ജീവനക്കാരും ആയുഷ് വകുപ്പ് ജീവനക്കാരും തമ്മിൽ സൗഹൃദ ക്രിക്കറ്റ് മത്സരം, സൈക്ലിംഗ്, സ്കേറ്റിംഗ് റാലി, സുംബ, യോഗ, എയറോബിക്സ്, സ്റ്റെപ് ഡാൻസ് മുതലായ ഗ്രൂപ്പ് എക്സർസൈസുകൾ, നല്ല ഭക്ഷണ രീതികൾ പരിചയപ്പെടുത്തുന്ന സെഷനുകൾ, സൗജന്യ ഡയറ്റ് കൗൺസിലിങ് സേവനങ്ങൾ എന്നിവയായിരുന്നു പ്രധാന ഇനങ്ങൾ. മാനസികാരോഗ്യം, നല്ല ഉറക്കം, സ്ലീപ് ഹൈജിൻ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും ഉണ്ടായിരുന്നു. സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും, 5416 ജനകീയാരോഗ്യ കേന്ദ്രങ്ങളിലും, യോഗ ക്ലബുകളിലും അങ്കണവാടികളിലും, രാവിലെ 9 മുതൽ വ്യായാമത്തിനുള്ള സൗകര്യങ്ങൾ സജ്ജമാക്കിയിരുന്നു. വൈബ് 4 വെൽനസ്സിലൂടെ നാല് മേഖലകളിൽ ബോധവത്ക്കരണ പരിപാടികൾക്കാണ് തുടക്കമിടുന്നത്. നല്ല ഭക്ഷണശീലം, വ്യായാമം പ്രോത്സാഹിപ്പിക്കൽ, ഉറക്കവും വിശ്രമവും, മാനസിക സുസ്ഥിതി എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

# കുസാറ്റ് അപ്ലൈഡ് കെമിസ്ട്രി വകുപ്പ് എൻഡോവ്മെന്റ് ഫെലോഷിപ്പുകൾ വിതരണം ചെയ്തു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) ആപ്പ്ളൈഡ് കെമിസ്ട്രി വിഭാഗം, വിരമിച്ച അധ്യാപകരായ പ്രൊഫ. പോൾ എ. വടക്കാഞ്ചേരി, പ്രൊഫ. പി. മാധവൻ പിള്ള, പ്രൊഫ. എസ്. പ്രതാപൻ, പ്രൊഫ. കെ. ശ്രീകുമാർ എന്നിവരോടുള്ള ബഹുമാനസൂചകമായി പൂർവ്വ വിദ്യാർത്ഥികൾ സ്ഥാപിച്ച എൻഡോവ്മെന്റ് ഫെല്ലോഷിപ്പുകൾ മികച്ച അക്കാദമിക് പ്രകടനം കാഴ്ചവച്ച ബിരുദാനന്തര ഗവേഷണ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

ഈ എൻഡോവ്മെന്റിന്റെ ലക്ഷ്യം ദേശീയ ഗവേഷണ സ്ഥാപനങ്ങളിൽ ഗവേഷണ ഇന്റേൺഷിപ്പുകൾ നടത്തുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ്. അപ്ലൈഡ് കെമിസ്ട്രി വകുപ്പിന്റെ മന്ദിരത്തിൽ നടന്ന ചടങ്ങിൽ വകുപ്പ് മേധാവി പ്രൊഫ. യൂസഫ് കരുവാത്ത, പ്രൊഫ. പ്രതാപൻ ശ്രീധരൻ, പ്രൊഫ. കെ. ശ്രീകുമാർ, പ്രൊഫ. സാബുറ ബീഗം എന്നിവർ പുരസ്കാരങ്ങൾ വിതരണം ചെയ്തു.



ഈ വർഷം മൊത്തം 90,000 രൂപ ഒൻപത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. ഐഎംഎസ്സി വിദ്യാർത്ഥികളായ അനൽക്കൃഷ്ണ യു, ഇർഫാന ഐ, അബ്ദുള്ള സഹൽ, സക്കിയ നിസാർ എന്നിവരും എംഎസ്സി വിദ്യാർത്ഥികളായ അഖിൽരാജ് സി. ആർ, നന്ദന എ. വി, ശ്രുതി എസ്. ബി, സസ്നേഹ ദിലീപ് കെ, അശ്വതി ജി. എന്നിവരുമാണ് അവാർഡ് ജേതാക്കൾ. കൂടാതെ, അപ്ലൈഡ് കെമിസ്ട്രി വകുപ്പിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഈ വർഷം പ്രത്യേക എൻഡോവ്മെന്റ് ഫെലോഷിപ്പും ഏർപ്പെടുത്തി.

എൻഡോവ്മെന്റ് സ്കോളർഷിപ്പുകൾ വകുപ്പിന്റെ 50 വർഷത്തെ പ്രവർത്തന പാരമ്പര്യത്തിന്റെ മികവ് എടുത്തുകാട്ടുന്നതാണെന്നും ഇതിലൂടെ വിദ്യാർത്ഥികളെ ഗവേഷണത്തിലേക്ക് കൂടുതൽ ആകർഷിക്കുകയും, അക്കാദമിക് വളർച്ചയ്ക്ക് പ്രചോദനം നൽകുകയും ചെയ്യുമെന്ന് പ്രൊഫ. കരുവാത്ത അവാർഡ് വിതരണ ചടങ്ങിൽ വ്യക്തമാക്കി.

ചടങ്ങിൽ അധ്യാപകർ, വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.

# ക്രിസ്മസ്,പുതുവൽസര സീസൺ: സപ്ലൈകോയ്ക്കു 82 കോടിയുടെ വിറ്റു വരവ്

**കൊച്ചി:** ക്രിസ്മസ്, പുതുവത്സര സീസണിൽ സപ്ലൈകോയ്ക്ക് 82 കോടി രൂപയുടെ വിറ്റു വരവ്. 36.06 കോടി രൂപയാണ് സബ്സിഡി സബ്സിഡി സാധനങ്ങളുടെ വിറ്റു വരവ്. ഡിസംബർ 22 മുതൽ ജനുവരി ഒന്നു വരെയുള്ള 10 ദിവസത്തെ കണക്കാണിത്.

ഡിസംബർ 25 അവധിയായിരുന്നു. പെട്രോൾ, റീട്ടെയിൽ ഉൾപ്പെടെ എല്ലാ സപ്ലൈകോ വില്പന ശാലകളിലെയും 6 ജില്ലകളിലെ പ്രത്യേക ഫെയറുകളിലെയും വിൽപ്പന ഉൾപ്പെടെയുള്ള കണക്കാണിത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട , എറണാകുളം, തൃശൂർ എന്നീ ജില്ലകളിലാണ് പ്രത്യേക ക്രിസ്മസ് ഫെയറുകൾ ഈ ദിവസങ്ങളിൽ സപ്ലൈകോ സംഘടിപ്പിച്ചിരുന്നത്. പ്രത്യേക ഫെയറുകളിൽ നിന്നു മാത്രം 74 ലക്ഷം രൂപയുടെ വിറ്റു വരവ് ഉണ്ടായി. ഇതിൽ 40.94 ലക്ഷം രൂപ സബ്സിഡി ഇനങ്ങളും 33.06 ലക്ഷം രൂപ സബ്സിഡിയിതര ഇനങ്ങളുമാണ്.

തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് നടത്തിയ പ്രത്യേക ക്രിസ്മസ് ഫെയറിൽ 29.31 ലക്ഷം രൂപയുടെ വിറ്റു വരവാണ് ഉണ്ടായത്. ഇതിൽ സബ്സിഡി സാധനങ്ങളുടെ വിറ്റു വരവ് 16.19 ലക്ഷം രൂപയാണ്.

# ലൈഫ് ഭവന പദ്ധതിയിലൂടെ പൂർത്തിയായ വീടുകളുടെ എണ്ണം ഫെബ്രുവരിയിൽ 5 ലക്ഷം കടക്കുമെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** ലൈഫ് ഭവന പദ്ധതിയിലൂടെ പണികഴിഞ്ഞ 5 ലക്ഷം വീടുകൾ എന്ന നേട്ടം അടുത്ത മാസം തന്നെ പൂർത്തിയാകുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്തു വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. 4,76,076 വീടുകൾ ലൈഫ് വഴി പണി പൂർത്തിയാക്കി കൈമാറി. അത്രയും കുടുംബങ്ങളാണ് അടച്ചുറപ്പുള്ള വീടുകളിലേക്ക് താമസം മാറിയത്. ഈ ഫെബ്രുവരിയിൽ ഇത് അഞ്ചു ലക്ഷം പൂർത്തിയാക്കും. 1,24,471 വീടുകളാണ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ളത്.

ജനങ്ങൾക്ക് അടിസ്ഥാന അവകാശങ്ങൾ ഉറപ്പ് വരുത്തലാണോ അതല്ല, എല്ലാ ക്ഷേമപ്രവർത്തനങ്ങളിൽ നിന്നും പിൻവാങ്ങി സ്വകാര്യ മൂലധനത്തിന് വഴിമാറലാണോ ഒരു സർക്കാരിന്റെ കടമ എന്നത് ലോകത്താകെ പ്രസക്തമായ മൗലികമായ ഒരു രാഷ്ട്രീയ ചോദ്യമാണ്. ആ ചോദ്യത്തെ സംസ്ഥാന സർക്കാർ അഭിസംബോധന ചെയ്തത് ലൈഫ് മിഷൻ പോലുള്ള സമഗ്രമായ ജനകീയ പദ്ധതികൾ വഴിയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

2026ൽ ലോകത്തെ ഏറ്റവും വലിയ വെല്ലുവിളി ഭവനമില്ലായ്മയെ മറികടക്കലാണ് എന്ന് വിലയിരുത്തപ്പെടുന്നു. ലോകത്തിൽ അഞ്ചിൽ ഒരാൾ പാർപ്പിടമില്ലാതെ കഷ്ടപ്പെടുകയാണ്. ലോകത്ത് മതിയായ പാർപ്പിട സൗകര്യങ്ങൾ ഇല്ലാത്തവർ ഏകദേശം 160 കോടിയോളം വരുമെന്നാണ് കണക്ക്.

ഒരു തുണ്ട് ഭൂമി ഇല്ലാത്തവരെ മുതൽ സ്വന്തം ഭൂമിയിൽ തുടങ്ങി വെച്ച വീടുപണി പൂർത്തിയാക്കാൻ കഴിയാത്തവരെ വരെ ഉൾപ്പെടുത്തി ഭവനരാഹിത്യം എന്ന പ്രശ്നത്തെ അതിന്റെ സമഗ്രതയിൽ അഭിസംബോധന ചെയ്യുകയാണ് ലൈഫ് പദ്ധതിയിലൂടെ സംസ്ഥാനം ചെയ്തത്.

രാജ്യത്തെ പല ഭവനപദ്ധതികളും നാമമാത്രമായ തുക മാത്രമാണ് ഗുണഭോക്താക്കൾക്ക് കൈമാറിയിരുന്നത്. ലൈഫ് മിഷന് കീഴിൽ വീട് നിർമ്മിക്കാൻ പര്യാപ്തമായ തുക യാഥാർഥ്യബോധത്തോടെ കണക്കാക്കി അത് കൈമാറുകയാണ് ചെയ്തത്. ഭവന നിർമ്മാണത്തിന് നാല് ലക്ഷം രൂപ നൽകുന്നുവെന്ന് മാത്രമല്ല, നിർമ്മാണസാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കിയും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തൊഴിലാളികളെ ലഭ്യമാക്കിയുമെല്ലാം ഭവനനിർമ്മാണത്തെ പിന്നെയും സഹായിക്കുന്നു.

പാർശ്വവത്കരിക്കപ്പെട്ടതും ആലംബഹീനരുമായവരെ കണ്ടെത്തി അവർക്കാണ് ആദ്യം വീടുകൾ നിർമിച്ചുനൽകിയത്. മാനസിക വെല്ലുവിളി നേരിടുന്നവർ, ശാരീരിക അസ്വാസ്ഥ്യങ്ങൾ ഉള്ളവർ, അഗതികൾ, ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, അവിവാഹിതരായ അമ്മമാർ, അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ കഴിയാത്തവർ, വിധവകൾ ഇവർക്കൊക്കെയായിരുന്നു മുൻഗണനയെന്നു മുഖ്യമന്ത്രി പറഞ്ഞു.



# ഗ്രാമപ്രദേശങ്ങളിൽ തൊഴിലിന്റെ അനന്തസാധ്യത തുറക്കുമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ

**കൊല്ലം:** ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിലിന്റെ അനന്തസാധ്യത തുറന്നുകൊടുക്കുന്ന വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന് ധനകാര്യവകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ. വെളിയം കുടുംബശ്രീ സംരംഭക പരിശീലകർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കിവരുന്ന സംരംഭക പരിശീലന പദ്ധതികൾ കൂടുതൽ ശക്തമാക്കും. വെളിയത്ത് വിജ്ഞാനകേരളം പദ്ധതി വഴി നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതികൾ പുരോഗമിക്കുകയാണ്. അസാപ്പ് സ്കിൽ സെന്റർ മുഖേന രണ്ടുമാസകാല പരിശീലന പദ്ധതികളും വിഭാവനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

വെളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.രേഖ അധ്യക്ഷയായി. കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ ഉമേഷ് പദ്ധതി വിശദീകരിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ആർ വിമൽ ചന്ദ്രൻ, വെളിയം സിഡിഎസ് ചെയർപേഴ്സൺ ശൈലജ അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## കുസാറ്റ്: റൂസ ഇന്റേൺഷിപ്പ് പ്രോഗ്രാമിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വകുപ്പ് റൂസ 2.0 മേജർ പ്രോജക്റ്റ് പദ്ധതിയുടെ ഭാഗമായി റൂസ ഇന്റേൺഷിപ്പ് പ്രോഗ്രാമിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

അവസാന വർഷ ബിരുദ , ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്ന ഈ ഇന്റേൺഷിപ്പിന്റെ കാലയളവ് 2026 ജനുവരി മുതൽ ഫെബ്രുവരി വരെയാണ്. ഇത് പൂർണ്ണമായും ലബോറട്ടറിഫീൽഡ് അടിസ്ഥാനത്തിലുള്ള ഗവേഷണ പരിശീലന പരിപാടിയാണ്.

മറൈൻ ബയോളജി, മൈക്രോബയോളജി, ബയോടെക്നോളജി, പരിസ്ഥിതി ശാസ്ത്രം, സുവോളജി, ഫിഷറീസ്, അക്വാകൾച്ചർ എന്നിവയിലെയും അനുബന്ധ വിഷയങ്ങളിലെയും വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കുസാറ്റിലെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും. ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിമാസം 8,000 രൂപയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിമാസം 12,000 രൂപയും സ്റ്റൈപൻഡായി ലഭിക്കും. താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റ, മറൈൻ അല്ലെങ്കിൽ തീരദേശ ഇക്കോസിസ്റ്റം എന്നിവയെ സംബന്ധിച്ച കുറിപ്പ്, വിദ്യാർത്ഥി തിരിച്ചറിയൽ രേഖ/അഡ്മിഷൻ തെളിവ് എന്നിവ rusat2c@gmail.com എന്ന വിലാസത്തിലേക്ക് ജനുവരി 6 നുള്ളിൽ ലഭിക്കത്തക്കവിധം അയക്കണം. തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരെ വ്യക്തിഗത അഭിമുഖത്തിന് വിളിക്കും. കൂടുതൽ വിവരങ്ങൾക്ക് 0484 2863210 എന്ന നമ്പറിൽ ബന്ധപെടുക.

## വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിന്റെ സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ ഇലക്ട്രോണിക്സ് എൻജിനീയറിങ് വകുപ്പിൽ ഗസ്റ്റ് ഫാക്കൽറ്റി ഒഴിവിലേക്ക് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിർദ്ദേശിച്ച യോഗ്യത ഉള്ളവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റയും യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്നതിന് അസ്സൽ സർട്ടിഫിക്കറ്റുകളും കോപ്പിയുമായി ജനുവരി 8ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ ഇലക്ട്രോണിക്സ് എൻജിനീയറിങ് വകുപ്പിൽ നടക്കുന്ന ഇന്റർവ്യൂവിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04842862403, 9447432568 എന്ന നമ്പറിൽ ബന്ധപെടുക.

## എക്സറേ ടെക്നീഷ്യൻ: കൂടിക്കാഴ്ച 12ന്

**തൊടുപുഴ:** നാഷണൽ ആയുഷ് മിഷൻ ജില്ലയിൽ കരാർ അടിസ്ഥാനത്തിൽ എക്സറേ ടെക്നീഷ്യൻ തസ്തികയിലേക്ക് നടത്തുന്നതിനായി ജനുവരി 12ന് രാവിലെ 11 മണിക്ക് കൂടിക്കാഴ്ച്ച നടത്തും. ഒരു ഒഴിവാണുള്ളത്. ജില്ലാ ആയുർവേദ ആശുപത്രി അനക്സ് പാറേമാവിലാണ് ഒഴിവ്. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ വയസ്, യോഗ്യത, അഡ്രസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും, സർട്ടിഫിക്കറ്റുകളുടെ കോപ്പികളുമായി തൊടുപുഴ ഇടുക്കി ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഓഫീസിൽ എത്തണം. അഭിമുഖത്തിന് 15 പേരിൽ കൂടുതൽ ഉദ്യോഗാർഥികൾ ഉണ്ടെങ്കിൽ ഇന്റർവ്യു, എഴുത്ത് പരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം. ഇടുക്കി ജില്ലയിലെ സ്ഥിര താമസക്കാർക്ക് ആയിരിക്കും മുൻഗണന. ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി അല്ലെങ്കിൽ ബി.എസ്.സി എം.ആർ.ടി എന്നിവയാണ് വേണ്ട യോഗ്യത. പ്രായ പരിധി 40 വയസ് കവിയരുത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04862 291782.

## എസ്.ടി പ്രൊമോട്ടർ നിയമനം

**തൊടുപുഴ:**പട്ടികവർഗ വികസന വകുപ്പിന് കീഴിൽ എസ്.ടി. പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിലേക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ അഭിമുഖം ജനുവരി 6, 7 തീയതികളിൽ തൊടുപുഴ പ്രീമെട്രിക് (പെൺ) ഹോസ്റ്റലിൽ നടക്കും. അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ ആവശ്യമായ അസൽ രേഖകൾ, ജാതി, വയസ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ്/തിരിച്ചറിയൽ രേഖ, മുൻഗണനാ രേഖകൾ (നഴ്സിംഗ്/പാരാ മെഡിക്കൽ കോഴ്സുകൾ ആയുർവേദം, പാരമ്പര്യ വൈദ്യംഹെൽത്ത് പ്രൊമോട്ടർ തസ്തികയിലേയ്ക്ക് മാത്രം) സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിൽ ബന്ധപ്പെടണം. ഫോൺ: 04862222399.

# ഭാവനയുടെ അനോമി പ്രദർശനത്തിനൊരുങ്ങുന്നു


മലയാളികളുടെ പ്രിയതാരം ഭാവനയുടെ സിനിമാ ജീവിതം 23 വർഷം പിന്നിടുകയാണ്. നമ്മൾ എന്ന ചിത്രത്തിലൂടെ വെള്ളിത്തിരയിലെത്തി, സ്വന്തം കഠിനാധ്വാനവും തകർക്കാനാവാത്ത ഇച്ഛാശക്തിയും കൊണ്ട് തെന്നിന്ത്യൻ സിനിമയിൽ തന്റേതായ ഇടം കണ്ടെത്തിയ ഭാവന ഇന്നോളം കാണാത്ത വേഷപകർച്ചയിൽ പുതിയ ചിത്രം അനോമിയിലൂടെ ഉടൻ പ്രക്ഷകർക്ക് മുന്നിലെത്തുകയാണ്. അഭിനയ മികവിനൊപ്പം തന്നെ വ്യക്തിജീവിതത്തിലെ കരുത്തുറ്റ നിലപാടുകൾ കൊണ്ട് ഒട്ടേറെ സ്ത്രീകൾക്ക് പ്രചോദനമായി മാറിയ ഭാവനയുടെ കരിയറിലെ സുപ്രധാനമായ ഒരു നാഴികക്കല്ലായിരിക്കും ഈ ചിത്രം.

നവാഗതനായ റിയാസ് മാരാത്ത് ആണ് അനോമി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്നത്. ഒരു സാധാരണ കുറ്റാന്വേഷണ സിനിമ എന്നതിലുപരി, പാരലൽ അന്വേഷണത്തിന്റെ സാധ്യതകളെ ഏറ്റവും ക്രിയേറ്റീവായി ഉപയോഗപ്പെടുത്തിയ സിനിമ കൂടിയായിരിക്കും അനോമി. വൈകാരികമായി ഏറെ ആഴമുള്ള സാറ എന്ന ഫോറൻസിക് അനലിസ്റ്റ് കഥാപാത്രമായാണ് ഭാവന ഈ ചിത്രത്തിൽ എത്തുന്നത്.

മിസ്റ്ററി ത്രില്ലർ ഗണത്തിൽ ഒരുങ്ങുന്ന ചിത്രത്തിൽ മറ്റൊരു പ്രധാന വേഷത്തിൽ എത്തുന്നത് റഹ്മാൻ ആണ്. ധ്രുവങ്ങൾ 16 ഉൾപ്പെടെയുള്ള ചിത്രങ്ങളിലെ ശ്രദ്ധേയമായ കുറ്റാന്വേഷണ വേഷങ്ങൾക്ക് ശേഷം, മലയാളത്തിൽ വീണ്ടും ഒരു കരുത്തുറ്റ ഇൻവെസ്റ്റിഗേഷൻ ഓഫീസറായി റഹ്മാൻ എത്തുന്നു എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്. ബിനു പപ്പു, വിഷ്ണു അഗസ്ത്യ, അർജുൻ ലാൽ, ഷെബിൻ ബെൻസൺ, ദൃശ്യ രഘുനാഥ് തുടങ്ങിയവരും ചിത്രത്തിൽ പ്രധാന വേഷങ്ങൾ അവതരിപ്പിക്കുന്നു.

ഗുൽഷൻ കുമാർ, ഭൂഷൺ കുമാർ, ടി സീരീസ് ഫിലിംസ്, പനോരമ സ്റ്റുഡിയോസ് എന്നിവർ അവതരിപ്പിക്കുന്ന ചിത്രം നിർമ്മിക്കുന്നത് കുമാർ മംഗത് പഥക്, അഭിഷേക് പഥക് എന്നിവരാണ്. കോൺഫിഡന്റ് ഗ്രൂപ്പ് ചെയർമാൻ ഡോ.റോയ് സി.ജെ, ബ്ലിറ്റ്സ്ക്രീഗ് ഫിലിംസ്, എ.പി.കെ സിനിമ എന്നിവരും ഭാവന ഫിലിം പ്രൊഡക്ഷൻസിന്റെ ബാനറിൽ നടി ഭാവനയും നിർമ്മാണ പങ്കാളിയാണ്.

ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട അനിമൽ, അർജുൻ റെഡ്ഡി എന്നീ ചിത്രങ്ങളുടെ സംഗീത സംവിധായകൻ ഹർഷവർദ്ധൻ രാമേശ്വർ ആണ് അനോമിക്ക് വേണ്ടി സംഗീതമൊരുക്കുന്നത്. ഛായാഗ്രഹണ വിഭാഗം സുജിത് സാരംഗും, ചിത്രസംയോജനം കിരൺ ദാസും നിർവഹിക്കുന്നു. ആക്ഷൻ ഡയറക്റ്റർ: ആക്ഷൻ സന്തോഷ്, വസ്ത്രാലങ്കാരം: സമീറ സനീഷ്, പബ്ലിസിറ്റി ഡിസൈൻസ്: യെല്ലോടൂത്ത്.




# ട്വിൻ പോസ്റ്ററുമായി തോട്ടം

ആന്റണി വർഗീസ് പെപ്പെ കീർത്തി സുരേഷ് ടീം ആദ്യമായി ഒന്നിക്കുന്ന ചിത്രം തോട്ടം പുത്തൻ പോസ്റ്റർ പുറത്ത്. 2026 പുതുവർഷ സ്പെഷ്യൽ ആയി ഒരു ടിവിൻ പോസ്റ്റർ ആണ് അണിയറ പ്രവർത്തകർ പുറത്തു വിട്ടിരിക്കുന്നത്. ഏറെ നിഗൂഢതകൾ ഒളിപ്പിച്ചു കൊണ്ടാണ് ഈ ടിവിൻ പോസ്റ്റർ ഒരുക്കിയിരിക്കുന്നത്. അത്കൊണ്ട് തന്നെ പ്രേക്ഷകർക്കിടയിൽ വലിയ ആകാംഷയും ആവേശവും സൃഷ്ടിക്കാൻ ഈ പുതിയ പോസ്റ്ററിലൂടെ തോട്ടത്തിന്റെ അണിയറ പ്രവർത്തകർക്ക് സാധിച്ചിട്ടുണ്ട്. ചിത്രം തിരക്കഥ എഴുതി സംവിധാനം ചെയ്യുന്നത് ഋഷി ശിവകുമാർ ആണ്. ഫസ്റ്റ് പേജ് എന്റർടൈൻമെന്റ്, എ വി എ പ്രൊഡക്ഷൻസ്, മാർഗ എന്റെർറ്റൈനെർസ് എന്നിവയുടെ ബാനറിൽ മോനു പഴേടത്ത്, എ വി അനൂപ്, നോവൽ വിന്ധ്യൻ, സിമി രാജീവൻ എന്നിവർ ചേർന്നാണ് ഈ വമ്പൻ ചിത്രം നിർമ്മിക്കുന്നത്.

ഒരു മോഡേൺ വിന്റേജ് ഫീൽ നൽകുന്ന രീതിയിലാണ് ടിവിൻ പോസ്റ്റർ ഒരുക്കിയിരിക്കുന്നത്. ഒരു കൈയ്യിൽ M249 , മറു കയ്യിൽ പിറ്റ്ബുൾ എന്നിവയുമായി നിൽക്കുന്ന പോസ്റ്ററിന്റെ മെയിൽ വേർഷൻ ഇതിനോടകം സമൂഹ മാധ്യമങ്ങളിൽ ചർച്ചയായി കഴിഞ്ഞു. അതോടൊപ്പം ഒരു കൈയ്യിൽ ബാഗും, മറു കൈയ്യിൽ പൊട്ടിയ വൈൻ ഗ്ലാസുമായി നിൽക്കുന്ന പോസ്റ്റിന്റെ ഫീമെയിൽ വേർഷനും മികച്ച ശ്രദ്ധയാണ് ലഭിക്കുന്നത്. ഗംഭീരമായും വളരെ വ്യത്യസ്തമായും ഉടലുകൾ സ്റ്റൈൽ ചെയ്ത് ഒരുക്കിയ ഈ പോസ്റ്റർ, ചിത്രത്തിലെ പ്രധാന വേഷങ്ങൾ അവതരിപ്പിക്കുന്ന പെപ്പെ, കീർത്തി എന്നിവരുടെ കഥാപാത്രങ്ങളെ കുറിച്ച് വലിയ ആകാംഷയും നിഗൂഢതയുമാണ് സമ്മാനിക്കുന്നത്.




നേരത്തെ ചിത്രത്തിന്റെ ടൈറ്റിൽ ടീസർ, ടൈറ്റിൽ പോസ്റ്റർ എന്നിവ പുറത്തു വന്നതും ഏറെ ശ്രദ്ധ നേടിയിരുന്നു. ഏറെ പുതുമകളോടെ വമ്പൻ ദൃശ്യ വിരുന്നായി ഒരുക്കുന്ന ചിത്രത്തിന്റെ പ്രൊജക്റ്റ് സൈനിങ് വീഡിയോയും സോഷ്യൽ മീഡിയയിൽ സൂപ്പർ ഹിറ്റായി മാറിയിരുന്നു. ഏറെ സർപ്രൈസുകൾ ഒളിപ്പിച്ചാണ് ചിത്രം ഒരുങ്ങുന്നത് എന്ന സൂചനയാണ് ഇപ്പോൾ വന്നിരിക്കുന്ന ടിവിൻ പോസ്റ്ററും നൽകുന്നത്. പ്രേക്ഷകരെ ഞെട്ടിക്കുന്ന ഒരു സിനിമാനുഭവം ആയിരിക്കും തോട്ടം നൽകുക എന്ന പ്രതീക്ഷയാണ് ഇത് സമ്മാനിക്കുന്നത്. മലയാള സിനിമയിൽ നിന്നും വരാനിരിക്കുന്ന അമ്പരപ്പിക്കുന്ന ചിത്രങ്ങളിൽ ഒന്നായി തോട്ടം മാറുമെന്ന് ഇതോടെ ഉറപ്പായിക്കഴിഞ്ഞു. ഒരു ആക്ഷൻ അഡ്വെഞ്ചർ ഡ്രാമ ചിത്രമായാണ് തോട്ടം അവതരിപ്പിക്കുക എന്നാണ് സൂചന.

ദ ഷാഡോസ് സ്ട്രെയ്സ്, ദ നൈറ്റ് കംസ് ഫോർ അസ്, ഹെഡ്ഷോട്ട് തുടങ്ങിയ അന്താരാഷ്ട്ര ത്രില്ലർ ചിത്രങ്ങളുടെ ആക്ഷൻ ഒരുക്കിയ മുഹമ്മദ് ഇർഫാൻ, മാർക്കോ, ചത്താ പച്ച തുടങ്ങിയ ചിത്രങ്ങളുടെ ആക്ഷൻ നിർവഹിച്ച കലൈ കിങ്സൺ എന്നിവരാണ് ചിത്രത്തിന് വേണ്ടി സംഘട്ടന സംവിധാനം നിർവഹിക്കുന്നത്. അനിമൽ എന്ന ബോളിവുഡ് ചിത്രത്തിലൂടെ ദേശീയ അവാർഡ് ജേതാവായ സംഗീത സംവിധായകൻ ഹർഷവർധൻ രാമേശ്വർ ആണ് ചിത്രത്തിന്റെ സംഗീതവും പശ്ചാത്തല സംഗീതവും ഒരുക്കുന്നത്. കത്തി, തെരി തുടങ്ങിയ വിജയ് ചിത്രങ്ങളുടെ ക്യാമറാമാൻ ജോർജ് സി. വില്യംസ് ISC ഛായാഗ്രഹണം നിർവഹിക്കുന്ന ചിത്രത്തിന്റെ എഡിറ്റർ ചമൻ ചാക്കോ ആണ്. 2026 തുടക്കത്തോടെ തോട്ടത്തിന്റെ ചിത്രീകരണം ആരംഭിക്കും.

സംഭാഷണങ്ങൾ: ഋഷി ശിവകുമാർ, മനു മഞ്ജിത്, പ്രൊഡക്ഷൻ ഡിസൈനർ: മോഹൻദാസ്, വസ്ത്രാലങ്കാരം: പ്രവീൺ വർമ, മേക്കപ്പ് : റോണെക്സ് സേവിയർ, സൗണ്ട് ഡിസൈൻ: സിങ്ക് സിനിമ, സൗണ്ട് മിക്സ്: എം. ആർ. രാജാകൃഷ്ണൻ, ഗാനരചന: മനു മഞ്ജിത്ത്, ഐക്കി ബെറി, നൃത്ത സംവിധായകൻ: ഷെരീഫ്, പ്രൊഡക്ഷൻ കൺട്രോളർ: പ്രശാന്ത് നാരായണൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: പ്രിങ്കിൾ എഡ്വേർഡ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: വിശാഖ് ആർ വാര്യർ, വിഎഫ്എക്സ് സൂപ്പർവൈസർ: അനീഷ് കുട്ടി, വിഎഫ്എക്സ് സ്റ്റുഡിയോ: ലിറ്റിൽ ഹിപ്പോ, സ്റ്റിൽസ്: റിഷ്ലാൽ ഉണ്ണികൃഷ്ണൻ.

# കുതിപ്പ് തുടർന്ന് കളങ്കാവൽ

മമ്മൂട്ടി, വിനായകൻ എന്നിവരെ കഥാപാത്രങ്ങളാക്കി ജിതിൻ കെ. ജോസ് സംവിധാനം നിർവഹിച്ച കളങ്കാവലിന്റെ ഗംഭീര വിജയം തുടരുന്നു. ദിവസവും വമ്പൻ പ്രേക്ഷക പിന്തുണയാണ് ചിത്രത്തിന് ലഭിക്കുന്നത്. കേരളത്തിലുടനീളം മികച്ച ബുക്കിംഗ് ലഭിച്ച ചിത്രം, ഹൗസ് ഫുൾ ഷോകളുമായാണ് മൂന്നാമത്തെ പ്രദർശനം തുടരുന്നത്. മലയാള സിനിമാ പ്രേമികൾ ഹൃദയം കൊണ്ട് സ്വീകരിച്ച ചിത്രം മമ്മൂട്ടിയുടെ കരിയറിലെ ഏറ്റവും വലിയ ഹിറ്റിലേക്കാണ് കുതിക്കുന്നത്. ഡിസംബർ 5 ന് ആഗോള റിലീസായി എത്തിയ ഈ ക്രൈം ഡ്രാമ ത്രില്ലർ ചിത്രം ഗംഭീര വിജയമാണ് നേടിയത്. മമ്മൂട്ടി കമ്പനി നിർമ്മിച്ച ചിത്രം വേഫറർ ഫിലിംസ് ആണ് കേരളത്തിൽ വിതരണം ചെയ്തത്.

ജിഷ്ണു ശ്രീകുമാറും ജിതിൻ കെ ജോസും ചേർന്ന് തിരക്കഥ രചിച്ച കളങ്കാവൽ, മമ്മൂട്ടി കമ്പനിയുടെ ബാനറിൽ നിർമ്മിച്ച ഏഴാമത്തെ ചിത്രം കൂടിയാണ്. 17 ദിവസം കൊണ്ട് 80 കോടി ആഗോള ഗ്രോസ് പിന്നിട്ട ചിത്രം ഏറ്റവും വേഗത്തിൽ 50 കോടി ക്ലബിൽ എത്തിയ മമ്മൂട്ടി ചിത്രമാണ്. 50 കോടി ക്ലബിൽ എത്തുന്ന അഞ്ചാമത്തെ മമ്മൂട്ടി ചിത്രം കൂടിയാണ് കളങ്കാവൽ. ഗൾഫിലും ബ്ലോക്ക്ബസ്റ്റർ ബോക്സ് ഓഫീസ് പ്രകടനം നടത്തിയ ചിത്രം, വമ്പൻ നിരൂപക പ്രശംസയും സ്വന്തമാക്കി.

മമ്മൂട്ടിയുടെ കരിയറിലെ തന്നെ ഏറ്റവും മികച്ച പ്രകടനങ്ങളിൽ ഒന്ന് സമ്മാനിക്കുന്ന കളങ്കാവൽ, അദ്ദേഹത്തിന്റെ പ്രതിനായക വേഷങ്ങളുടെ നിരയിൽ മുന്നിട്ട് നിൽക്കുന്നു. ചിത്രത്തിൽ പോലീസ് ഓഫീസർ ആയ നായക കഥാപാത്രത്തെ അവതരിപ്പിച്ച വിനായകനും വലിയ അഭിനന്ദനമാണ് ലഭിക്കുന്നത്. വലിയ സാങ്കേതിക നിലവാരം പുലർത്തുന്ന ചിത്രത്തിലെ ഗാനങ്ങളും സമൂഹ മാധ്യമങ്ങളിൽ വൈറലാണ്. ദുൽഖർ സൽമാൻ നായകനായെത്തിയ സൂപ്പർഹിറ്റ് ചിത്രം 'കുറുപ്പ്'ന്റെ കഥ ഒരുക്കി ശ്രദ്ധ നേടിയ ജിതിൻ കെ ജോസ് ആദ്യമായി സംവിധാനം ചെയ്ത ചിത്രമാണ് കളങ്കാവൽ. കുപ്രസിദ്ധമായ സയനൈഡ് മോഹൻ കേസിനെ ആസ്പദമാക്കിയാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. ജിബിൻ ഗോപിനാഥ്, ബിജു പപ്പൻ, രെജിഷ വിജയൻ, ഗായത്രി അരുൺ, മാളവിക, ശ്രുതി രാമചന്ദ്രൻ എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രമുഖ താരങ്ങൾ. റെസ്റ്റ് ഓഫ് ഇന്ത്യ മാർക്കറ്റിലും മികച്ച വിജയമാണ് ചിത്രം നേടിയത്.

# ഓർമ്മകൾ പുനർനിർമ്മിക്കപ്പെടുന്ന ഇടം; നിശബ്ദ പ്രതിരോധമായി 'റെലിക്വറി'



**കൊച്ചി:** നിശബ്ദമാക്കപ്പെട്ടതും അരികുവൽക്കരിക്കപ്പെട്ടതും ബോധപൂർവ്വം മായ്ച്ചുകളഞ്ഞതുമായ കാര്യങ്ങൾക്കു വേണ്ടി നിലകൊള്ളുകയാണ് കൊച്ചിമുസിരിസ് ബിനാലെയിലെ (കെഎംബി 2025) പി.എൻ അലി അക്ബറിന്റെ 'റെലിക്വറി' കലാപ്രദർശനം. ചരിത്രം, വിശ്വാസം, സാംസ്കാരിക ഓർമ്മകൾ എന്നിവയുടെ പരമ്പരാഗത അർഥത്തിലുള്ള പ്രദർശനമല്ല റെലിക്വറി. മറിച്ച് പൈതൃകത്തിന്റെ നിലനിൽപ്പ്, മിത്തുകൾ എങ്ങനെ പുനഃക്രമീകരിക്കപ്പെടുന്നു, വാസ്തുവിദ്യാ രൂപങ്ങൾ സാമൂഹിക സംഘർഷത്തിന്റെ ഭാരം എങ്ങനെ വഹിക്കുന്നു എന്നിവയുടെ സൂക്ഷ്മതലങ്ങൾ ഉൾക്കൊള്ളുന്നതാണ്.1996 ൽ തൃശ്ശൂരിലെ കൂളിമുട്ടത്ത് ജനിച്ച അക്ബർ ഇപ്പോൾ ഗുജറാത്തിലാണ് താമസിക്കുന്നത്. അക്ബറിന്റെ കലാ ആശയങ്ങളും കൈയിലുള്ള വാസ്തുവിദ്യയും സഹവർത്തിത്വത്തിന്റെയും സംഘർഷത്തിന്റെയും ശേഖരമായി മാറുന്നു.

കൊച്ചിമുസിരിസ് ബിനാലെയിലെ ചരിത്രബന്ധമുള്ള ദേശമായ മലബാറുമായി ഗുജറാത്തിനെ സംഭാഷണത്തിൽ ഉൾപ്പെടുത്തുന്നതാണ് റെലിക്വറിയുടെ പ്രധാന ആശയങ്ങളിലൊന്ന്. രണ്ട് പ്രദേശങ്ങളെയും അടുത്തടുത്തായി സ്ഥാപിക്കുന്നതിലൂടെ അവയുടെ സമകാലിക സാമൂഹികാവസ്ഥ വ്യത്യസ്തമാകുമ്പോഴും പരസ്പരബന്ധിതമായ ചരിത്രങ്ങളിലൂടെ വ്യത്യസ്തമായ തീരദേശ ഭൂപ്രകൃതികൾ എങ്ങനെ പരിണമിച്ചുവെന്ന് സൃഷ്ടികൾ പ്രതിഫലിപ്പിക്കുന്നു. ബിനാലെയിൽ പ്രദർശിപ്പിക്കുന്ന സൃഷ്ടികൾ പ്രധാനമായും പൈതൃകം, ഭൂതകാലം, മിത്തുകൾ, വാസ്തുവിദ്യാ ഘടനകൾ, ചരിത്രസാംസ്കാരിക വിവരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാണെന്നും അവ വർത്തമാന സാമൂഹിക പരിതസ്ഥിതിയുമായി കൂട്ടിയിണക്കുന്നുവെന്നും അക്ബർ പറഞ്ഞു.

വ്യാപാരം, കുടിയേറ്റം, വിശ്വാസ സമ്പ്രദായങ്ങൾ, സാംസ്കാരിക ചർച്ചകൾ എന്നിവയുടെ സമാനമായ പ്രവാഹങ്ങളാൽ രൂപപ്പെട്ട മറ്റൊരു തീരദേശ ഭൂമിശാസ്ത്രമായി ഗുജറാത്തിനെ വിവരിക്കാൻ താൻ നിർബന്ധിതനായെന്നും അദ്ദേഹം വിശദീകരിക്കുന്നു. സുസ്ഥിരമായ സൈറ്റ് ഡോക്യുമെന്റേഷൻ, ആർക്കൈവൽ ഗവേഷണം, രീതിശാസ്ത്ര ഉപകരണമായി ഉപയോഗിക്കുന്ന ഭാവന എന്നിവയിലാണ് 'റെലിക്വറി' കേന്ദ്രീകരിക്കുന്നത്. സ്ഥലങ്ങളുടെ ഡോക്യുമെന്റേഷൻ, ആർക്കൈവൽ ചിത്രങ്ങളുടെ പഠനം, സംഭവങ്ങൾ, മിത്തുകൾ, ആചാരങ്ങൾ, പദാവലികൾ, ദൈനംദിന ജീവിത ബുദ്ധിമുട്ടുകൾ എന്നിവ പര്യവേഷണം ചെയ്യുന്നതിനുള്ള ഭാവനയുമായുള്ള ഇടപെടൽ എന്നിവയിൽ നിന്നാണ് ഈ കൃതികൾ ഉയർന്നുവന്നത്.

രാജസ്ഥാനിലെ സിരോഹിയിൽ നിന്നുള്ള ഹിന്ദു, മുസ്ലീം ശിൽപ്പികൾ സംയുക്തമായി നിർമ്മിച്ച ജീവൻ തുളുമ്പുന്ന കൊത്തുപണികളുള്ള ശിലാസ്തംഭമാണ് ഈ പ്രതിഷ്ഠാപനത്തിലെ ഏറ്റവും ശ്രദ്ധേയമായ ഘടകമാണ്. വടക്കുപടിഞ്ഞാറൻ ഇന്ത്യയിലുടനീളമുള്ള ക്ഷേത്രങ്ങളെയും പള്ളികളെയും അതിന്റെ അലങ്കാരം പ്രതിധ്വനിപ്പിക്കുന്നു. അതേസമയം അതിന്റെ വിഘടിച്ച സാന്നിധ്യം തകർന്ന തുടർച്ചയെ സൂചിപ്പിക്കുന്നു. കൊത്തുപണികളുള്ള സിംഹം ഇന്തോഇസ്ലാമിക്, ബുദ്ധ, മിഡിൽ ഈസ്റ്റേൺ പാരമ്പര്യങ്ങളിൽ ചരിത്രപരമായി പങ്കിട്ട രൂപത്തെ ഓർമ്മിപ്പിക്കുന്നു. മറന്നുപോയതും തിരിച്ചെടുക്കാനാവാത്തവിധം നഷ്ടപ്പെടുകയോ മായ്ക്കപ്പെടുകയോ ചെയ്യുന്നതിനുമുമ്പ് പൈതൃകങ്ങൾ അടയാളപ്പെടുത്താനും ശേഖരിക്കാനും പുനർസങ്കൽപ്പിക്കാനുമുള്ള ഒരു ശ്രമമാണിതെന്നും അക്ബർ കൂട്ടിച്ചേർത്തു.

# പുതുവർഷത്തിൽ ആസ്റ്റർ മെഡ്സിറ്റിയുടെ കരുതൽ



**തൃശ്ശൂർ:** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് 250 ഡയാലിസിസ് കിറ്റുകളും മത്സ്യത്തൊഴിലാളികൾക്ക് പുതപ്പുകളും നൽകി ആസ്റ്റർ മെഡ്സിറ്റി കൊച്ചി. ആസ്റ്റർ മെഡ്സിറ്റിയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി മുനക്കൽ മുസരിസ് ബീച്ച് ഫെസ്റ്റിവലിൽ വെച്ച് ഇതിനുള്ള തുക നൽകി. കൈപ്പമംഗലം എംഎൽഎ ടൈസൺ മാസ്റ്ററുടെ സാന്നിധ്യത്തിൽ, 2 ലക്ഷം രൂപയുടെ ചെക്ക് ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷുഹൈബ് കാദർ ജില്ലാ പോലീസ് സൂപ്ര് ബി. കൃഷ്ണകുമാറിന് കൈമാറി. തുടർച്ചയായി രണ്ടാം വർഷവും തുടരുന്ന ആസ്റ്റർ മെഡ്സിറ്റിയുടെ ഈ സംരംഭം സമൂഹക്ഷേമത്തിനായുള്ള ആസ്റ്ററിന്റെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതാണെന്ന് ചടങ്ങിൽ സംസാരിച്ച ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷുഹൈബ് കാദർ പറഞ്ഞു. ആസ്റ്റർ ഗ്രൂപ്പ് ഏറ്റെടുത്ത വിവിധ ആരോഗ്യ സംരക്ഷണ, സാമൂഹിക ഉത്തരവാദിത്ത സംരംഭങ്ങൾ അർത്ഥവത്തായ ലക്ഷ്യങ്ങളാണെന്നും അദ്ദേഹം വ്യക്തമാക്കി. കൊടുങ്ങല്ലൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പി.സി ബിജു കുമാർ ഡോ. ഷുഹൈബ് കാദറിനെ പൊന്നാട അണിയിച്ച് ആദരിച്ചു.

# പൊന്തിമുഴക്കം ജനുവരി നാലിന്

**കൊച്ചി:** കൊച്ചി കിരൺ നാടാർ മ്യൂസിയം ഓഫ് ആർട്ട്സ് അവതരിപ്പിക്കുന്ന ശബ്ദ സംഗീത ആവിഷ്കരണം 'പൊന്തിമുഴക്കം' ജനുവരി നാലിന് അരങ്ങേറും. വൈകുന്നേരം മൂന്നു മുതൽ 7 വരെ സഞ്ചരിക്കുന്ന കൊച്ചി വാട്ടർ മെട്രോ ബോട്ടിലാണ് റോളിങ്ങ് മ്യൂസിയം സീരീസിന്റെ ഭാഗമായുള്ള ആവിഷ്ക്കാരം അരങ്ങേറുന്നത്. കലാകാരനും , നാടൻ പാട്ട് ഗായകനും, ഫോട്ടോഗ്രാഫറുമായ അരവിന്ദ് ചെടയനാണ് പൊന്തിമുഴക്കത്തിന്റെ ആശയമൊരുക്കി അവതരിപ്പിക്കുന്നത്. കെഎൻഎംഎയുടെ റോളിങ്ങ് മ്യൂസിയം സീരീസ് അവിക്ക് ദേബ്ദാസും ചിൻമയി ദിയോറിയുമാണ് ക്യൂറേറ്റ് ചെയ്തിരിക്കുന്നത്. ഗവേഷണം, കൂട്ടായ്മ , തത്സമയ പ്രതികരണാത്മക ഇടപെടലുകൾ എന്നിവയിലൂടെ ഉയർന്നുവരുന്ന കലാപരമായ രീതികളെ പൊതു ഇടത്തിൽ തത്സമയ മ്യൂസിയമായി ക്രമീകരിക്കുന്നതാണ് റോളിങ്ങ് മ്യൂസിയം എന്ന ആശയം. ഇത് മ്യൂസിയത്തെ ചലനാത്മകവും വികേന്ദ്രീകൃതവും പൊതുജനങ്ങളെ അഭിമുഖീകരിക്കുന്നതുമായ ഒരു സ്ഥാപനമായി പുനർവിചിന്തനം ചെയ്യുന്നു. www.district.in എന്ന വെബ്സൈറ്റിൽ ടിക്കറ്റുകൾ ലഭ്യമാണ്.

# ഗാസ്മ അബാക്കസ് ഇൻസ്റ്റിറ്റ്യൂഷൻ കലൂർ ബ്രാഞ്ച് ഉദ്ഘാടനം ചെയ്തു



**കൊച്ചി:** ഗാസ്മ അബാക്കസ് ഇൻസ്റ്റിറ്റ്യൂഷൻ കലൂർ ബ്രാഞ്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ യൂത്ത് വിംഗ് പ്രസിഡന്റ് പ്രദീപ് ജോസ് ഉദ്ഘാടനം ചെയ്തു. കെ.വി.വി.ഇ.എസ് കലൂർ യൂണിറ്റ് പ്രസിഡന്റ് കെ.എ നാദിർഷ മുഖ്യ അതിഥിയായി. വനിത വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, ജില്ലാ സെക്രട്ടറി ഷിബി നാദിർഷ, യൂത്ത് വിംഗ് നിയോജകമണ്ഡലം പ്രസിഡന്റ് ജംഷീർ വാഴയിൽ, വൈസ് പ്രസിഡന്റ് പി. ആർ ഷിഹാബ്, കലൂർ യൂണിറ്റ് ജനറൽ സെക്രട്ടറി കെ. സി അനസ്, ട്രഷറർ സജി സ്റ്റാൻലി, ഗാസ്മ അബാക്കസ് ഇൻസ്റ്റിറ്റ്യൂഷൻ സി.ഇ.ഒ കെ. ടി സറീന, കോർപ്പറേറ്റ് ട്രെയിനർ ആസിഫ് തുടങ്ങിയവർ സംസാരിച്ചു

## ഐ.എച്ച്.ആർ.ഡി കോഴ്സുകളിലേക്ക് അപേക്ഷിക്കാം

**ആലപ്പുഴ:** മാവേലിക്കര ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ജനുവരിയിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.പ്രധാന കോഴ്സുകളും യോഗ്യതയും: പി.ജി.ഡി.സി.എ (അംഗീകൃത ബിരുദം), പി.ജി.ഡി.സി.എഫ് സൈബർ ഫോറൻസിക്സ്:(ബി.ടെക്/ബി.എസ്.സി (സി.എസ്)/ ബി.സി.എ /എം.ടെക് / എം.സി.എ/എം.എസ്.സി (സി.എസ്)), ഡി .ഡി.ടി.ഒ.എ: (എസ്.എസ്.എൽ.സി /തത്തുല്യം), ഡി.സി.എ: (പ്ലസ് ടു / തത്തുല്യം), സി.എൽ.ഐ.എസ് :(എസ്.എസ്.എൽ.സി / തത്തുല്യം).എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമാനുസൃതമായ ഫീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. www.ihrdadmissions.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ച ശേഷം അതിന്റെ പ്രിന്റ് ഔട്ടും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം കോളേജിന്റെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഫോൺ: 0479-2304494, 8547005046

# അബാക്കസ് ദേശീയ മത്സരം കൊച്ചിയിൽ നാലിന്

**കൊച്ചി:** സംഖ്യാശാസ്ത്രത്തിൽ സ്കൂൾ വിദ്യാർത്ഥികളുടെ അതുല്യമായ കഴിവുകൾ പ്രകടിപ്പിക്കുന്ന പതിനെട്ടാമത് എസ്എംഎ അബാക്കസ് നാഷണൽ ടാലന്റ് കോൺടെസ്റ്റ് ഈ മാസം 4 ന് കൊച്ചിയിൽ സംഘടിപ്പിക്കുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 3,000ത്തിലധികം സ്കൂൾ വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കും. കാൽക്കുലേറ്ററുകളെപ്പോലും മറികടക്കുന്ന ഗണിത മികവ് പരീക്ഷിക്കുന്ന മത്സരങ്ങൾ ഞായറാഴ്ച രാവിലെ 9.30 മുതൽ എറണാകുളം സെന്റ് തെരേസാസ് കോളേജിലാണ് നടക്കുക.

അബാക്കസ് മത്സരം, അബാക്കസ് സ്കിൽസ് ഡെമോൺസ്ട്രേഷൻ, 600 വർഷത്തെ കലണ്ടർ മെമ്മറി ടെക്നിക്, ക്യൂബ് മത്സരം, ഹൈ സ്പീഡ് അബാക്കസ് ഓറൽ മത്സരം എന്നിവ ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി നടക്കും. വിജയികൾക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും നൽകുമെന്ന് എസ്എംഎ അബാക്കസ് ചെയർമാൻ സുരേഷ് ബാബു അറിയിച്ചു. അബാക്കസ് മേളയുടെ ഉദ്ഘാടനം ഉച്ചകഴിഞ്ഞ് 3 ന് ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ് ഓൺലൈനായി നിർവ്വഹിക്കും. സി ബി എസ് ഇ മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ടി.പി.എം. ഇബ്രാഹിം ഖാൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കുസാറ്റ് ഗണിതശാസ്ത്ര വിഭാഗം മുൻ പ്രൊഫസർ ഡോ. അംബാട്ട് വിജയകുമാർ മുഖ്യാതിഥിയായിരിക്കും.

# ഗാർഹിക ഉപഭോക്താക്കൾക്കുള്ള പാചക വാതക വിലയിൽ മാറ്റമില്ല

ന്യൂഡൽഹി: ഗാർഹിക ഉപഭോക്താക്കൾക്കുള്ള പാചക വാതക വിലയിൽ മാറ്റമില്ലെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം വാർത്താ കുറിപ്പിൽ വ്യക്തമാക്കി. വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വില 111 രൂപ വർദ്ധിപ്പിച്ചതായി ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വില വിപണി സാഹചര്യങ്ങൾക്കും അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കും അനുസരിച്ചാണ് നിശ്ചയിക്കുന്നത് അതനുസരിച്ച്, ആഗോള എൽപിജി വിലയിലുണ്ടാകുന്ന മാറ്റങ്ങളും അനുബന്ധ ചെലവുകളുമാണ് വാണിജ്യ എൽപിജി വിലയിലെ പരിഷ്കരണങ്ങളിൽ പ്രതിഫലിക്കുന്നത്. എന്നാൽ ഗാർഹിക എൽപിജി വിലയിൽ മാറ്റമില്ലെന്നും കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം വ്യക്തമാക്കി. ഇന്ത്യയുടെ എൽപിജി ആവശ്യകതയുടെ ഏകദേശം 60 ശതമാനവും ഇറക്കുമതി ചെയ്യുന്നതാണ്. അതിനാൽ, ആഭ്യന്തര എൽപിജി വിലകൾ അന്താരാഷ്ട്ര വിലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. സൗദി സിപി (കരാർ തുക) ആണ് ഇതിനായുള്ള അന്താരാഷ്ട്ര മാനദണ്ഡമായി കണക്കാക്കുന്നത്. 2



2023 ജൂലൈയിലെ മെട്രിക് ടണ്ണിന് 385 അമേരിക്കൻ ഡോളറിൽ നിന്ന് 2025 നവംബറിൽ 466 അമേരിക്കൻ ഡോളറായി ശരാശരി സൗദി സിപി ഏകദേശം 21% വർദ്ധിച്ചപ്പോൾ, ഇതേ കാലയളവിൽ ഗാർഹിക എൽപിജി വില ഏകദേശം 22% കുറയുകയാണുണ്ടായത്. അതായത്, 2023 ഓഗസ്റ്റിലെ 1103 രൂപയിൽ നിന്ന് 2025 നവംബറിൽ വില 853 രൂപയായി കുറഞ്ഞു. ഗാർഹിക ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനായി, ഏകദേശം 950 രൂപ വിലവരുന്ന 14.2 കിലോയുടെ ഗാർഹിക എൽപിജി സിലിണ്ടർ ഡൽഹിയിലെ സാധാരണ ഉപഭോക്താക്കൾക്ക് (PMUY ഇതര വിഭാഗം) 853 രൂപയ്ക്കും, പ്രധാനമന്ത്രി ഉജ്ജ്വല യോജന (PMUY) ഗുണഭോക്താക്കൾക്ക് 553 രൂപയ്ക്കും ലഭ്യമാണ്. ഇത് PMUY ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന വിലയിൽ ഏകദേശം 39% കുറവ് രേഖപ്പെടുത്തുന്നു. 2023 ഓഗസ്റ്റിലെ 903 രൂപയിൽ നിന്ന് 2025 നവംബറിൽ വില 553 രൂപയായി കുറഞ്ഞു.

2025–26 സാമ്പത്തിക വർഷത്തേക്ക്, പ്രധാനമന്ത്രി ഉജ്ജ്വല യോജന (PMUY) ഗുണഭോക്താക്കൾക്ക് 14.2 കിലോ സിലിണ്ടറിന് 300 രൂപ വീതം വർഷത്തിൽ ഒമ്പത് റീഫില്ലുകൾ വരെ കേന്ദ്രീകൃത സബ്സിഡി തുടരുന്നതിന് ഗവണ്മെന്റ് അനുമതി നൽകി. ഇതിനായി 12,000 കോടി രൂപയാണ് ഗവണ്മെന്റ് അനുവദിച്ചിരിക്കുന്നത്. വീടുകളിൽ ശുദ്ധമായ പാചകവാതകം മിതമായ നിരക്കിൽ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ ഗവൺമെന്റിന്റെ നിരന്തര ശ്രദ്ധയാണ് ഈ നടപടികൾ തെളിയിക്കുന്നത്. ഇന്ത്യയിൽ ഏകദേശം 33 കോടിയിലധികം ഗാർഹിക ഉപഭോക്താക്കൾ ഉള്ളപ്പോൾ, വാണിജ്യ എൽപിജി ഉപയോഗിക്കുന്നവർ ഏകദേശം 30 ലക്ഷം മാത്രമാണ് (പൊതുമേഖലാ കമ്പനികളുടെ കണക്ക് മാത്രം). വാണിജ്യ എൽപിജി പ്രധാനമായും ഉപയോഗിക്കുന്നത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റ് വൻകിട വാണിജ്യ സ്ഥാപനങ്ങൾ എന്നിവയാണ്. എന്നാൽ ഗാർഹിക എൽപിജി രാജ്യത്തുടനീളമുള്ള സാധാരണക്കാരുടെ പാചക ആവശ്യങ്ങൾ നിറവേറ്റുന്നു.

2024–25 കാലയളവിൽ അന്താരാഷ്ട്ര എൽപിജി വില വർധിച്ച്, അത് ഉയർന്ന നിലയിൽ തുടർന്നപ്പോൾ, ആഗോള വിലക്കയറ്റത്തിൽ നിന്ന് ഗാർഹിക ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനായി, ഈ അധിക ബാധ്യത ഗാർഹിക എൽപിജി വിലയിൽ ചുമത്തിയിരുന്നില്ല. ഇതിന്റെ ഫലമായി പൊതുമേഖലാ എണ്ണക്കമ്പനികൾക്ക് 40,000 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. ഈ സാഹചര്യം പരിഹരിക്കുന്നതിനും തടസ്സമില്ലാത്ത പാചകവാതക വിതരണം മിതമായ നിരക്കിൽ ഉറപ്പാക്കുന്നതിനുമായി, എണ്ണക്കമ്പനികൾക്ക് 30,000 കോടി രൂപയുടെ നഷ്ടപരിഹാരം നൽകാൻ ഗവണ്മെന്റ് അടുത്തിടെ അനുമതി നൽകി. 2025 നവംബർ ഒന്നിന് ലഭ്യമായ കണക്കുകൾ പ്രകാരം, അയൽരാജ്യങ്ങളിലെ പാചകവാതക വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ ഉപഭോക്താക്കൾക്ക് എൽപിജി കുറഞ്ഞ നിരക്കിലാണ് ലഭിക്കുന്നത്

ഇന്ത്യയിൽ ഡൽഹിയിൽ 14.2 കിലോ ഗാർഹിക എൽപിജി സിലണ്ടർ 553 രൂപയ്ക്ക് ലഭ്യമാകുമ്പോൾ പാക്കിസ്ഥാനിൽ 902 രൂപയ്ക്കും ശ്രീലങ്കയിൽ 1227.58 രൂപയ്ക്കും നേപ്പാളിൽ 1205.72 രൂപയ്ക്കുമാണ് ലഭിക്കുന്നതെന്നും കേന്ദ്രം വ്യക്തമാക്കി. ഡൽഹിയിലെ ഉജ്ജ്വല ഇതര ഉപഭോക്താക്കൾക്ക് നിരക്ക് 853 രൂപയാണ്. ജനുവരി ഒന്നു മുതൽ തിരഞ്ഞെടുത്ത നഗരങ്ങളിൽ കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് (സിഎൻജി), പൈപ്പ്ഡ് നാച്ചുറൽ ഗ്യാസ് (പിഎൻജി) എന്നിവയുടെ വിലയും കുറച്ചിരിക്കുകയാണ്. ഡൽഹിഎൻസിആർ മേഖലയുടെ ചില ഭാഗങ്ങളിൽ പിഎൻജി വിലയിൽ വരുത്തിയ കുറവും, ഗ്യാസ് വിതരണ കമ്പനികൾ പ്രഖ്യാപിച്ച സിഎൻജി, ഗാർഹിക പിഎൻജി എന്നിവയുടെ വിലയിലെ ഒരു രൂപയുടെ കുറവും ഇതിൽ ഉൾപ്പെടുന്നു. പൈപ്പ് ലൈൻ താരിഫുകളിൽ അടുത്തിടെയുണ്ടായ മാറ്റങ്ങളെ തുടർന്നാണ് ഈ വിലക്കുറവ് പ്രാബല്യത്തിൽ വന്നത്. ഇത് കുടുംബങ്ങൾക്കും വാഹന ഉപയോക്താക്കൾക്കും ആശ്വാസം നൽകുന്നതിനൊപ്പം സംശുദ്ധ ഇന്ധനങ്ങളുടെ ഉപയോഗം കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

## കൊച്ചി ബിനാലെ ; ആദ്യ 20 ദിവസങ്ങളിൽ എത്തിയത് 1.6 ലക്ഷം സന്ദർശകർ

**കൊച്ചി:** ഡിസംബർ 12 നും ഡിസംബർ 31 നും ഇടയിൽ കൊച്ചിമുസിരിസ് ബിനാലെയ്ക്ക് 1.6 ലക്ഷം സന്ദർശകർ. ഇന്ത്യയിലെ ഏറ്റവും വലിയ സമകാലിക കലാ പ്രദർശനത്തിന് പൊതുസമൂഹത്തിൽ നിന്ന് ലഭിക്കുന്ന സ്വീകാര്യതയുടെയും സാംസ്കാരികമായ വളർച്ചയുടെയും പ്രതിഫലനമാണിത്. ലോകമെമ്പാടുമുള്ള കലാ പ്രവർത്തകർക്കും വിനോദസഞ്ചാരികൾക്കും പുറമേ വലിയൊരു പങ്ക് പ്രാദേശിക സമൂഹവും ബിനാലെയുടെ സന്ദർശകരായി എത്തുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിർമിതബുദ്ധി അധിഷ്ഠിത ഡാറ്റാ ഉപകരണങ്ങൾ വഴിയുള്ള വിശകലനത്തിലൂടെ സന്ദർശകരുടെ എണ്ണത്തിലെ പരിഷ്കരിച്ച കണക്കുകൾ വരും ആഴ്ചകളിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ബിനാലെ ഉദ്യോഗസ്ഥർ പറഞ്ഞു.

സന്ദർശകരുടെ വരവ്, തിരക്ക് കൂടുതലുള്ള സമയങ്ങൾ, കൂടുതൽ സന്ദർശകർ എത്തുന്ന വേദികൾ എന്നിവ കൃത്യമായി ട്രാക്ക് ചെയ്യാൻ ഇത് പ്രാപ്തമാക്കും. ആസൂത്രണം, സന്ദർശകരുടെ എണ്ണം, തിരക്ക് നിയന്ത്രിക്കൽ, എന്നിവ മെച്ചപ്പെടുത്താനും ഇത് സഹായിക്കും. കൂടുതൽ സ്ഥലങ്ങളിലേക്കും വേദികളിലേക്കുമുള്ള വ്യാപനമാണ് ബിനാലെയുടെ ഈ പതിപ്പിന്റെ സവിശേഷതയെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ ചെയർപേഴ്സൺ ഡോ. വേണു വി. പറഞ്ഞു. ചില പ്രധാന കേന്ദ്രങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന മുൻ പതിപ്പുകളിൽ നിന്ന് വ്യത്യസ്തമായി ഇത്തവണ കൊച്ചിയിലെ വ്യത്യസ്തവും വിശാലവുമായ സ്ഥലങ്ങൾ, ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ, വെയർഹൗസുകൾ, പൊതു ഇടങ്ങൾ, ഇതര വേദികൾ എന്നിവിടങ്ങളിലേക്ക് ബിനാലെ വികസിച്ചു. പുതിയ ഇൻസ്റ്റലേഷനുകളും തത്സമയ കലാ പരിപാടികളും ആളുകളെ വീണ്ടും വരാൻ പ്രേരിപ്പിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആകെയുള്ള 29 വേദികളിൽ ആറെണ്ണത്തിൽ മാത്രമേ ടിക്കറ്റ് ഉള്ളൂവെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ സിഇഒ തോമസ് വർഗീസ് പറഞ്ഞു.

ആർട്ട് ബൈ ചിൽഡ്രൻ, സ്റ്റുഡന്റ്സ് ബിനാലെ തുടങ്ങിയ ടിക്കറ്റ് ആവശ്യമില്ലാത്ത നിരവധി വേദികളുണ്ട്. അവിടേക്കെല്ലാം നിരവധി സന്ദർശകർ വരുന്നുണ്ട്. അവിടെ എത്തുന്ന സന്ദർശകരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്താൻ നിലവിൽ സാധിക്കുന്നില്ല. എഐ അധിഷ്ഠിത സംവിധാനങ്ങൾ നടപ്പിലാക്കുന്നതോടെ കൂടുതൽ കൃത്യമായ കണക്ക് ലഭിക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കലാസാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ടവർ മാത്രമല്ല വിദ്യാർത്ഥികൾ, പണ്ഡിതർ, കലാകാരന്മാർ, വിനോദസഞ്ചാരികൾ, കുടുംബങ്ങൾ തുടങ്ങി വൈവിധ്യമാർന്ന സന്ദർശകരാണ് ബിനാലെയിൽ എത്തുന്നത്.

ഇത് ബിനാലെയുടെ വർദ്ധിച്ചുവരുന്ന സ്വീകാര്യതയെയാണ് കാണിക്കുന്നതെന്ന് സാംസ്കാരിക നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ബിനാലെ മാർച്ച് അവസാനം വരെ നീണ്ടുനിൽക്കുന്നതിനാൽ സ്കൂൾ അവധി ദിവസങ്ങൾ, വിനോദസഞ്ചാരികളുടെ വരവ്, മൗത്ത് പബ്ലിസിറ്റി എന്നിവയിലൂടെ തിരക്ക് ഇനിയും വർധിച്ചേക്കും.

## കുടുംബശ്രീ 'ഉയരെ' ജൻഡർ കാമ്പയിന് തുടക്കമായി

**ആലപ്പുഴ:** കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ഉയരെ ജെൻഡർ കാമ്പയിൻ 'നയി ചേതന 4.0' ജില്ലാതല ഉദ്ഘാടനവും സ്നേഹിതാ വാർഷിക ആഘോഷവും സംഘടിപ്പിച്ചു. ആലപ്പുഴ കയർ മെഷിനറി ഹാളിൽ നടന്ന പരിപാടി ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഷീന സനൽകുമാർ ഉദ്ഘാടനം ചെയ്തു. തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തി തൊഴിൽ അവസരങ്ങൾ ഒരുക്കുക, സുരക്ഷിത തൊഴിൽ സാഹചര്യങ്ങളെ പരിചയപ്പെടുത്തി വേതനാധിഷ്ഠിത തൊഴിൽ പങ്കാളിത്തം ഉയർത്തുകയും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക എന്നിവയാണ് 'ഉയരെ' കാമ്പയിന്റെ ലക്ഷ്യം. പുതുവത്സര മധുരം നുകർന്നുകൊണ്ടാണ് കാമ്പയിന് തുടക്കം കുറിച്ചത്. പരിപാടിയുടെ ഭാഗമായി ജെൻഡർ പ്രതിജ്ഞയും ചൊല്ലി. മുൻ അഡീഷണൽ ഡിസ്ട്രിക്ട് ഗവ. പ്ലീഡറും പബ്ലിക് പ്രോസിക്യൂട്ടറുമായ അഡ്വ. സഫിയ സുധീർ വേതനാധിഷ്ഠിത തൊഴിലും ലിംഗപദവിയും എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

